കോഫേപോസാ പ്രതികൾ

80 (3270) ശ്രീ. ടി. എം. ജേക്കബ് :
ശ്രീ. ആർ. ബാലകൃഷ്ണപിള്ള : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം കോഫേപോസാ നിയമപ്രകാരം എത്രപേർക്കെതിരെ അറസ്റ്റ് വാറണ്ട് പുറപ്പെടുവിച്ചിട്ടുണ്ട് ;

(ബി) അവർ ആരെല്ലാം ; ഇതിൽ അധോലോക കള്ളക്കടത്ത് സംഘവുമായോ, പാക്കിസ്ഥാൻ ചാരസംഘടനയായ ഐ.എസ്.ഐ.യുമായോ ബന്ധമുള്ളവർ ആരെങ്കിലുമുണ്ടോ ;

(സി) വാറണ്ട് പുറപ്പെടുവിച്ചശേഷം അറസ്റ്റ് ചെയ്യപ്പെടുവാൻ കഴിയാത്തവരായി ആരെങ്കിലുമുണ്ടോ ; ഉണ്ടെങ്കിൽ അവർ ആരെല്ലാം ;

(ഡി) അലിമുഹമ്മദ്, മുക്രി ഇബ്രാഹിം എന്നിവർക്കെതിരെ കോഫേപോസെ പ്രകാരം അറസ്റ്റു വാറന്റും പുറപ്പെടുവിച്ചിട്ടുണ്ടോ ; ഇവരെ അറസ്റ്റ് ചെയ്തോ ; എങ്കിൽ എന്നാണ് അറസ്റ്റ് ചെയ്തത് ;

(ഇ) കോഫേപോസെ പ്രകാരമുള്ള അറസ്റ്റ് വാറന്റുമായി ബന്ധപ്പെട്ട ഒ.പി. 3092/98 ൽ മേൽസത്യവാങ്മൂലം സമർപ്പിക്കാൻ ഹൈക്കോടതി സംസ്ഥാന സർക്കാരിനോട്/സർക്കാർ അഭിഭാഷകനോട് ആവശ്യപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എന്നാണ് ആവശ്യപ്പെട്ടതും, ഇപ്പോൾ സത്യവാങ്മൂലം സമർപ്പിക്കണമെന്നായിരുന്നു കോടതിയുടെ നിർദ്ദേശം. ഇക്കാര്യത്തിൽ സത്യവാങ്മൂലം സമർപ്പിച്ചോ ; എങ്കിൽ എന്നാണ് സമർപ്പിച്ചത് ;

(എഫ്) ഒ.പി. 3092/98മായി ബന്ധപ്പെട്ട് എന്തെങ്കിലും നിർദ്ദേശം മുഖ്യമന്ത്രിയുടെ ഓഫീസിൽ നിന്നോ ആഭ്യന്തരവകുപ്പിൽ നിന്നോ സർക്കാർ ഭാഗം അഭിഭാഷകന് നൽകിയിട്ടുണ്ടോ ;

(ജി) അലിമുഹമ്മദ്, മുക്രി ഇബ്രാഹീം എന്നീ കോഫേപോസോ പ്രതികൾ രക്ഷപ്പെടാൻ ഇടയായ സാഹചര്യത്തെക്കുറിച്ച് കേന്ദ്രഗവൺമെന്റ് ഏതെങ്കിലും തരത്തിലുള്ള അന്വേഷണം നടത്തുന്നതായി സംസ്ഥാന സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റിനോട് കേന്ദ്രം ഏതെങ്കിലും തരത്തിലുള്ള വിശദീകരണം ആവശ്യപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) വിവരം ശേഖരിച്ചു നൽകുന്നതാണ്.

(ഡി) മുൻസർക്കാരിന്റെ കാലത്ത് അലി മുഹമ്മദിനെതിരെ 23-1-1996-ലും കെ.എ. ഇബ്രാഹീം എന്ന മുക്രി ഇബ്രാഹീമിനെതിരെ 19-4-1995-ലും അറസ്റ്റ് വാറണ്ട് പുറപ്പെടുവിച്ചുവെങ്കിലും ഇവരെ അറസ്റ്റ് ചെയ്യാൻ കഴിഞ്ഞിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ഇ) ശ്രീ. അലിമുഹമ്മദ് ടിയാനെ കോഫേപോസെ നിയമപ്രകാരം കേസെടുക്കുന്നതിൽ നിന്നും സർക്കാരിനെ തടയുന്നതിലേക്കായി കേരള ഹൈക്കോടതിയിൽ 3092/98-ാം നമ്പർ ഒ.പി. ഫയൽ ചെയ്തു. പ്രസ്തുത കേസ്സിൽ സ്റ്റേറ്റ്മെന്റ് ഫയൽ ചെയ്യുന്നതിലേക്കായി 3-2-1998-ൽ അവധിക്ക് വച്ചു. അഡീഷണൽ ചീഫ് സെക്രട്ടറി 10-3-1998 സ്റ്റേറ്റ്മെന്റ് ഫയൽ ചെയ്യുകയും അതിനുശേഷം നിരവധി തവണ കേസ് അവധിക്ക് വയ്ക്കുകയും ചെയ്തു. തുടർന്ന് കേസ്സുമായി ബന്ധപ്പെട്ട ഫയലുകൾ കോടതിയിൽ ഹാജരാക്കി. അതിനുശേഷം ടി കേസ് പലതവണ അവധിക്ക് വയ്ക്കുകയും നോട്ടീസ് നൽകാതെ 7-9-1998-ൽ വിധി പ്രസ്താവിക്കുകയും ചെയ്തു. പ്രസ്തുത വിധി ഉത്തരവു പ്രകാരം ഒ.പി. അനുവദിക്കുകയുണ്ടായി. നോട്ടീസ് ലഭിക്കാതിരുന്നതിനാൽ സത്യവാങ്മൂലം ഫയൽ ചെയ്യാൻകഴിഞ്ഞില്ല. തുടർന്ന് 7-9-1998-ലെ വിധിക്കെതിരെ അപ്പീൽ ഫയൽ ചെയ്യുകയും സ്റ്റേ ലഭിക്കുകയും ചെയ്തു. സ്റ്റേ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ അലിമുഹമ്മദിനെ അറസ്റ്റു ചെയ്യുന്നതിന് മലപ്പുറം ജില്ലാ പോലീസ് സൂപ്രണ്ടിന് നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

(എഫ്) ഇല്ല.

(ജി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിനോട് കേന്ദ്രസർക്കാർ വിശദീകരണം ആവശ്യപ്പെട്ടിട്ടുമില്ല.

ആത്മഹത്യാ നിരക്ക്

81 (3271) ശ്രീമതി ശോഭനാജോർജ് : താഴെകാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് ആത്മഹത്യാ നിരക്ക് വർദ്ധിച്ചുവരുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) എങ്കിൽ കാരണങ്ങൾ വ്യക്തമാക്കാമോ ;

(സി) ആത്മഹത്യാ നിരക്ക് കുറച്ചുകൊണ്ടു വരുന്നതിന് സർക്കാർ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ഡി) ആത്മഹത്യാ നിരക്ക് വർദ്ധിക്കുന്നതിനെപ്പറ്റി ഒരു സർവ്വേ നടത്തുന്നതിന് ഒരു കമ്മിറ്റിക്ക് രൂപം നൽകാൻ സർക്കാർ തയ്യാറാകുമോ എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) മുൻവർഷത്തെക്കാൾ 1999-ൽ ആത്മഹത്യയുടെ എണ്ണം കുറഞ്ഞു വരുന്നതായാണ് കണക്കുകൾ കാണിക്കുന്നത്.

(ബി) സാമ്പത്തിക പ്രശ്നങ്ങൾ, കുടുംബപ്രശ്നങ്ങൾ, ജീവിതനൈരാശ്യം, രോഗങ്ങൾ എന്നിവയാണ് ആത്മഹത്യയ്ക്കുള്ള പ്രധാന കാരണങ്ങൾ.

LIBRARY ARCHIVES Kerala Legislative Assembly